" ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ്–കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്- തിരുവനന്തപുരം ജില്ലാ ഓഡിറ്റ് കാര്യാലയത്തിന് അധിക സ്ഥലം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ് -ഡി) വകുപ്പ്**

**സ.ഉ (സാധാ )നം.2239/2021/ധന** **തീയതി, തിരുവനന്തപുരം, 10/03/2021**

പരാമർശം 1 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 27/09/2019, 03/12/2019, 31/01/2020 തീയതികളിലെ കെ.എസ്.എ 992/ആർ2/2019 നമ്പർ കത്ത്.

**ഉത്തരവ്**

കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് കെട്ടിട സമുച്ചയത്തിലെ 4-ാം നിലയിൽ 1821.775 ച.അടി മാത്രം വിസ്തീർണമുള്ള സ്ഥലത്ത് 68,523/- രൂപ വാടക ഒടുക്കിയാണ് തിരുവനന്തപുരം ജില്ലാ ഓഡിറ്റ് കാര്യാലയം നിലവിൽ പ്രവർത്തിച്ചുവരുന്നത്. എന്നാൽ അവിടുത്തെ സ്ഥലപരിമിതി നിമിത്തവും കാര്യാലയത്തിന്റെ സുഗമമായ പ്രവർത്തനത്തിനായി 3441.50 ച.അടി വിസ്തീർണ്ണം ആവശ്യമാണെന്ന് പൊതുമരാമത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും കാര്യാലയം നിലവിൽ പ്രവർത്തിക്കുന്ന 1821.775 ച.അടി വിസ്തീർണമുള്ള സ്ഥലത്തിനു പുറമെ കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് കെട്ടിട സമുച്ചയത്തിലെ 4-ാം നിലയിൽ തന്നെയുള്ള പ്രൊഫഷണൽ& എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് ഓഫീസിനും ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിനും ഇടയിൽ ഒഴിഞ്ഞു കിടക്കുന്ന 3 മുറികൾ കൂടി(1714.82 ച.അടി) പൊതുപരിപാലന ചെലവ് ഉൾപ്പെടെ 55,492/-രൂപ പ്രതിമാസവാടക(ജി.എസ്.റ്റി.യും സെസ്സും വേറെ ഒടുക്കേണ്ടതാണ്) നൽകി വാടകയ്ക്ക് എടുക്കുന്നതിന് അനുമതി നൽകണമെന്ന് ഓഡിറ്റ് വകുപ്പ് ഡയറക്ടർ പരാമർശം 1-പ്രകാരം ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, വാടക കരാറിൽ ഏർപ്പെട്ടതിനു ശേഷം മാത്രമേ വാടക ഒടുക്കാവൂ എന്നും സമയാസമയങ്ങളിൽ വാടക കരാർ പുതുക്കേണ്ടതാണെന്നുമുള്ള നിബന്ധനകൾക്കു വിധേയമായി തിരുവനന്തപുരം ജില്ലാ ഓഡിറ്റ് കാര്യാലയം നിലവിൽ പ്രവർത്തിക്കുന്ന 1821.775 ച.അടി വിസ്തീർണമുള്ള സ്ഥലത്തിനു പുറമെ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് കെട്ടിട സമുച്ചയത്തിലെ 4-ാം നിലയിൽ തന്നെയുള്ള പ്രൊഫഷണൽ & എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് ഓഫീസിനും ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിനും ഇടയിൽ ഒഴിഞ്ഞു കിടക്കുന്ന 3 മുറികൾ കൂടി (1714.82 ച.അടി) പൊതുപരിപാലന ചെലവ് ഉൾപ്പെടെ 55,492/- രൂപ (അൻപത്തി അയ്യായിരത്തി നാന്നൂറ്റി തൊണ്ണൂറ്റി രണ്ട് രൂപ മാത്രം)പ്രതിമാസവാടക (ജി.എസ്.റ്റി.യും സെസ്സും വേറെ ഒടുക്കേണ്ടതാണ്) നൽകി ടി കാര്യാലയത്തിനായി വാടകയ്ക്ക് എടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീനി.ജി**

**ജോയിന്റ് സെക്രട്ടറി**

പകർപ്പ്

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരള, തിരുവനന്തപുരം.
ഡയറക്ടർ , കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻ വകുപ്പ്
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (ഇ 1353425)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ